# ദുർഘടങ്ങളെ നിരപ്പാക്കുന്ന ദൈവം

## യെശയ്യാവ് 40:3–5

**“മരുഭൂമിയിൽ യഹോവെക്കു വഴി ഒരുക്കുവിൻ; നിർജ്ജനപ്രദേശത്തു നമ്മുടെ ദൈവത്തിന്നു ഒരു പെരുവഴി നിരപ്പാക്കുവിൻ. എല്ലാ താഴ്വരയും നികന്നും എല്ലാമലയും കുന്നും താണും വരേണം; വളഞ്ഞതു ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം. യഹോവയുടെ മഹത്വം വെളിപ്പെടും, സകലജഡവും ഒരുപോലെ അതിനെ കാണും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നതു”**

ഒരു മരുഭൂമിയുടെ അവസ്ഥ എങ്ങനെ ആയിരിക്കുമെന്ന് നമുക്ക് ചിന്തിച്ചു നോക്കാവുന്നതേയുള്ളു. അവിടെ അതിഭയങ്കരമായ ചൂടുകൊണ്ട് വരണ്ട അവസ്ഥയാണുള്ളത്. ഒരു പച്ചപ്പിന്റെ അനുഭവമില്ലാതെ വിജനമായി കിടക്കുന്ന, വളഞ്ഞ വഴികളും ദുർഘടങ്ങളുമൊക്കെയുള്ള അനുഭവമാണിവിടെ സൂചിപ്പിക്കുന്നത്. ഈ മരുഭൂമിയെ നമ്മുടെ തന്നെ ജീവിതവുമായി ഒന്നു തട്ടിച്ചു നോക്കാം.

നമ്മുടെ ആത്മമണവാളനാകുന്ന കർത്താവിന് നിരക്കാത്തതായ ചില സ്വാഭാവ വൈകല്യങ്ങൾ അറിഞ്ഞും അറിയാതെയും നമ്മിലൂടെ പുറപ്പെടുന്നുണ്ടാവാം. നമ്മുടെ ചിന്തകളിലൂടെ, നോട്ടത്തിലൂടെ, വാക്കുകളിലൂടെയൊക്കെ മരുഭൂമിയുടെ അവസ്ഥയാണോ വെളിവാകുന്നത് എന്ന് നമുക്ക് ശോധന ചെയ്യാം. ഈ വക വളഞ്ഞ വഴികളെല്ലാം നേരെയാക്കി വേണം നാം ദൈവസന്നിധിയിൽ കടന്നു ചെല്ലേണ്ടത് എന്ന് ദൈവത്തിന്റെ ആത്മാവ് നമ്മെ ഓർമ്മിപ്പിക്കുകയാണിവിടെ.

‘നേരായി നടക്കുന്നവർക്ക് ഒരു നന്മയും മുടക്കുകയില്ല’ എന്ന തിരുവചനം നമുക്ക് ഏറ്റെടുക്കാം. നമ്മിലുള്ള കുറവുകളും പോരായ്മകളും നമ്മെക്കാളുപരി അറിയുന്നവനാണ് നമ്മുടെ ദൈവം. ആ സർവ്വശക്തന്റെ മുമ്പിൽ നമ്മെത്തന്നെ ഏല്പിച്ചുകൊടുത്തുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ കെട്ടുപണിക്കായി പ്രാർത്ഥനയോടെ അനുതാപമുള്ള ഹൃദയത്തോടെ അപേക്ഷിക്കാം.

നമ്മുടെ ജീവിതത്തിൽ ക്രമീകരണം വേണ്ടുന്ന മേഖലകളെ പരിശുദ്ധാത്മാവാകുന്ന ദൈവം ചൂണ്ടിക്കാണിക്കുമ്പോൾ നേരായ മാർഗ്ഗത്തിൽ നടക്കുവാൻ തക്കവണ്ണം പൂർണ്ണഹൃദയത്തോടെ ഒരു വാഞ്ഛ നമ്മിലുണ്ടാവണം. അപ്രകാരമാണെങ്കിൽ തീർച്ചയായും ദൈവം നമ്മെ കെട്ടുപണി ചെയ്യുകതന്നെ ചെയ്യും. അങ്ങനെ ദൈവമഹത്വം വെളിപ്പെടുവാൻ ഇടയായിത്തീരും.

അനുദിനവും പരിശുദ്ധാത്മാവിന്റെ ഹിതത്തിന് നമ്മെത്തന്നെ ഏല്പിച്ചുകൊടുത്തുകൊണ്ട് ജീവിതത്തെ ക്രമീകരിക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**

**സങ്കീർത്തനങ്ങൾ 32:5–6**

'ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്ന് ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു. ഇതു നിമിത്തം ഓരോ ഭക്തനും കണ്ടെത്താവുന്ന കാലത്ത് നിന്നോടു പ്രാർത്ഥിക്കും'.

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 031